## 2011 മുതൽ 2015 വരെ അനുവദിച്ച പ്ലസ് ടു സ്കൂളുകൾ

121 (1177) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ എത്ര വീതം പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുകയുണ്ടായി ; വിശദ വിവരം നൽകുമോ ;

(ബി) സർക്കാർ മേഖലയിൽ അനുവദിച്ചതിൽ എത്രയിടങ്ങളിൽ ഹിസ്റ്ററി കോമ്പിനേഷൻ ഉണ്ട് ; വിശദമാക്കാമോ ;

(സി) പ്രസ്തുത കോഴ്സിലേക്കായി എത്ര വീതം ഹിസ്റ്ററി അദ്ധ്യാപക തസ്തികകൾ ആവശ്യമുണ്ട് ; വിദ്യാഭ്യാസ വർഷം തിരിച്ചുള്ള എണ്ണം നൽകാമോ ;

(ഡി) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം ഉണ്ടായ HSST സീനിയർ ഹിസ്റ്ററി തസ്തികകളും അതിന്റെ നേരിട്ടും തസ്തികേതര പ്രൊമോഷൻ വഴിയും നടത്തിയ നിയമനങ്ങളുടെ വിദ്യാഭ്യാസ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ഇ) HSST സീനിയർ ഹിസ്റ്ററി തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ തസ്തികേതര പ്രൊമോഷനുവേണ്ടി 65 ഒഴിവുകൾ സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന 1:3 അനുപാതപ്രകാരം മാറ്റി വയ്ക്കപ്പെട്ടപ്പോൾ ആനുപാതികമായി നേരിട്ടുള്ള PSC നിയമനത്തിനായി 195 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഏതൊക്കെ തീയതികളിൽ എത്ര വീതം ഒഴിവുകൾ റിപ്പോർട്ട് ചെയ്തു ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ 2011 മുതൽ 2015 വരെയുള്ള അക്കാഡമിക് വർഷങ്ങളിൽ അനുവദിച്ച പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു;

2011-12 - 180 സ്കൂളുകളിലായി 181 അധിക ബാച്ചുകൾ അനുവദിച്ചു.

2012-13 - അനുവദിച്ചിട്ടില്ല.

2013-14 - അനുവദിച്ചിട്ടില്ല.

2014-15 - 61 പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 61 ബാച്ചുകളും 59 ഹയർ സെക്കണ്ടറി സ്കൂളുകളിലായി 59 അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം (I) ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2011-12 അദ്ധ്യയനവർഷം അനുവദിച്ച ബാച്ചുകളിലേക്ക് എച്ച്.എസ്. എസ്.റ്റി. 14 തസ്തികകളും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) 7 തസ്തികകളും ആവശ്യമാണ്. 2014-15 അദ്ധ്യയന വർഷത്തിലേക്ക് അനുവദിച്ച പുതിയ സ്കൂളുകളിലും അധിക ബാച്ചുകൾക്കും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

(ഡി) വിവരം അനുബന്ധം (II) ആയി ചേർക്കുന്നു.*

(ഇ) 183 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്. നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഒഴിവുകളുണ്ടാകുന്ന സമയത്ത് യോഗ്യരായ ജൂനിയിൽ അദ്ധ്യാപകർ ഇല്ലായെങ്കിൽ മാത്രം പ്രസ്തുത ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ തസ്തികമാറ്റ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനുംവേണ്ടി മാറ്റി വയ്ക്കുകയാണ് ചെയ്യുന്നത്.

| റിപ്പോർട്ട് ചെയ്ത തീയതി | എണ്ണം |
|---|---|
| 1-9-2009 | 44 |
| 29-7-2009 | 24 |
| 19-10-2009 | 1 |
| 15-12-2009 | 7 |
| 5-1-2010 | 3 |
| 12-7-2010 | 12 |
| 2-12-2010 | 27 |
| 20-6-2011 | 1 |
| 7-7-2011 | 6 |
| 31-10-2011 | 9 |
| 11-12-2013 | 26 |
| 14-5-2014 | 3 |
| 26-6-2014 | 20 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly